# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.97** **06.02.2020 ൽ മറുപടിക്ക്**

### റെസ്റ്റ് ഹൗസുകളുടെ നിലവാരം

**ചോദ്യം**

**ശ്രീ.എ. എൻ. ഷംസീർ**
**ശ്രീ.കെ.സുരേഷ് കുറുപ്പ്**
**ശ്രീ.എസ്.രാജേന്ദ്രൻ**
**ശ്രീ. ജോൺ ഫെർണാണ്ടസ്**

**മറുപടി**

**ശ്രീ.ജി.സുധാകരൻ**
**(ബഹു:പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റെസ്റ്റ് ഹൗസുകളുടെ നിലവാരം ഉയർത്തുന്നതിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റെസ്റ്റ് ഹൗസുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ഉന്നത നിലവാരത്തിലാക്കാൻ തീരുമാനമെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഇതിനകം തന്നെ നിരവധി പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. റെസ്റ്റ് ഹൗസുകളിലെ അടിസ്ഥാന സൗകര്യങ്ങൾ ആധുനിക കാലഘട്ടത്തിനനുസരിച്ച് പരിഷ്കരിച്ചും ഘട്ടംഘട്ടമായി ഉയർത്തിക്കൊണ്ടു വരുന്നതിന്റെ ഭാഗമായി നവീകരണ പ്രവൃത്തികളും പുതിയ ബ്ലോക്കുകളുടെ നിർമ്മാണ പ്രവൃത്തികളും ഭരണാനുമതി നൽകുന്ന മുറയ്ക്ക് നടന്നുവരുന്നു. റെസ്റ്റ് ഹൗസുകളെ ക്ലാസ് III ഒഴിവാക്കി ക്ലാസ് I, ക്ലാസ്II എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. റെസ്റ്റ് ഹൗസുകളിൽ ചുറ്റുമതിൽ നിർമ്മാണം, ബോർവെൽ, ബ്യൂട്ടിഫിക്കേഷൻ എന്നിവ നടപ്പിലാക്കി വരുന്നു. അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്തുവരുന്നു. റെസ്റ്റ് ഹൗസുകളിലെ മുറികളും പരിസരങ്ങളും വൃത്തിയായി സൂക്ഷിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ക്യാന്റീൻ നടത്തിപ്പിന് സൗകര്യമുള്ളയിടങ്ങളിലും സ്ഥലപ്രാധാന്യമുള്ളതുമായ എല്ലാ റെസ്റ്റ് ഹൗസുകളിലും ഭക്ഷണശാലകൾ ആരംഭിച്ചിട്ടുണ്ട്. റെസ്റ്റ്ഹൗസുകളെ ഗസ്റ്റ് ഹൗസുകളുടെ രീതിയിൽ

ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് ഹോസ്പിറ്റാലിറ്റി ട്രെയിനിംഗ് നൽകുകയും കൂടാതെ ആദ്യമായി യൂണിഫോമുകൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

പൊതുജനങ്ങളുടെ സൗകര്യാർത്ഥം റെസ്റ്റ്ഹൗസുകളിൽ ഓൺലൈൻ ബുക്കിംഗ് നടപ്പിലാക്കുവാനുള്ള സർക്കാർ ഉത്തരവ് 14/06/2019 – ൽ നിലവിൽ വന്നു. ഓൺലൈൻ റിസർവേഷൻ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇവയ്ക്കാവശ്യമായ സോഫ്റ്റ് വെയർ വികസനം പൂർത്തിയാക്കുകയും, ഈ സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിന് വേണ്ടി റെസ്റ്റ്ഹൗസ് മാനേജർക്കും, ക്ലാർക്ക്, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്കും ട്രെയിനിംഗും നൽകിയിട്ടുണ്ട്.

കൂടാതെ റെസ്റ്റഹൗസുകളിൽ Digital EPABX, CCTV, LED TV, Computer, Printer , 600 VA UPS എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സ്വകാര്യവ്യക്തികൾക്ക് പാട്ടത്തിന് നൽകുകയും എന്നാൽ കാലാവധിക്കുശേഷം തിരികെ നൽകാതെ അവർ സ്വന്തമാക്കിവെയ്ക്കുകയും ചെയ്ത റെസ്റ്റ് ഹൗസുകൾ സർക്കാരിലേയ്ക്ക് തിരികെ ലഭിക്കുന്നതിന് ഈ സർക്കാർ ആവശ്യമായ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഉണ്ട്. 2002-ൽ മലയാളം ഇൻഡസ്ട്രീസ് ലിമിറ്റഡിന് പാട്ടവ്യവസ്ഥയിൽ വിട്ടുനല്കിയ മൂന്നാർ റെസ്റ്റ് ഹൗസും, ഭൂമിയും സംസ്ഥാന സർക്കാരിന്റെയും പൊതുമരാമത്ത് വകുപ്പിന്റെയും നിരന്തരവും സമയോചിതവുമായ ഇടപെടലിലൂടെ ബന്ധപ്പെട്ട ഹൈക്കോടതി ആർബിട്രേഷൻ അപ്പീൽ 66/2014 ലെ 11.12.2018 ലെ ഉത്തരവ് പ്രകാരം 27.12.2018-ൽ തിരികെ ഏറ്റെടുത്തിട്ടുള്ളതാകുന്നു. മൂന്നാർ റെസ്റ്റ് ഹൗസ് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം, ഇടുക്കിയുടെ നിയന്ത്രണത്തിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. മൂന്നാറിൽ ഏതാനും കച്ചവടക്കാർ ഒഴിയാതെ സർക്കാർ ചട്ടം ലംഘിച്ച് തുടരുകയാണ്. ലേലത്തിൽ പിടിക്കാൻ വരുന്നവരെ ഇവർ പ്രാദേശിക സ്വാധീനം ഉപയോഗിച്ച് തടയുന്നുണ്ട്. കീഴ് കോടതികളിൽ കേസ് കൊടുത്ത് പൊടുന്നനെ സ്റ്റേ വാങ്ങുന്നുണ്ട്. സർക്കാർ സ്വത്ത് അനധികൃതമായി കൈയ്യേറി സ്വന്തം കീശവീർപ്പിക്കുന്ന ഇത്തരക്കാർക്കെതിരെ സർക്കാർ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഖജനാവിന് മാസം തോറും ഇവർ വാടകതരാതെ നഷ്ടം വരുത്തിയിട്ടുണ്ട്.

ആലുവ റെസ്റ്റ് ഹൗസ് തിരികെ പിടിക്കാൻ ശ്രമം നടത്തി വരികയും റെസ്റ്റ് ഹൗസിന്റെ പ്രവർത്തനം കോടതി നിർദ്ദേശ പ്രകാരം പാട്ട വ്യവസ്ഥയിൽ തന്നെ തുടരുകയുമാണ്.

വൈക്കം പൊതുമരാമത്ത് വകുപ്പ് റെസ്റ്റ് ഹൗസ് 03.01.2003 ൽ ശ്രീ. എം. എൻ. സതീഷ് എന്ന വ്യക്തിക്ക് ലീസിന് നല്കുകയും കരാർ വ്യവസ്ഥകൾ ലംഘിച്ചതിനെ തുടർന്ന് 05.06.2007 ൽ ടി വ്യക്തിക്ക് നോട്ടീസ് നല്കുകയും 06.09.2008-ൽ റെസ്റ്റ് ഹൗസ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. ഇതിനെതിരെ ടിയാൻ ഫയൽ ചെയ്ത ആർബിട്രേഷൻ കേസ് 39/2013 ന് 07.12.2015-ൽ വിധി വരികയും ആയത് പ്രകാരം പൊതുമരാമത്ത് വകുപ്പിന് കരാർ പ്രകാരം കുടിശ്ശിക തുകയും പലിശയും ചേർത്ത തുക നല്കാൻ ഉത്തരവുണ്ടാകുകയും ചെയ്തു. നിലവിൽ ടി റെസ്റ്റ് ഹൗസ് ക്യാൻറീൻ സൗകര്യത്തോടുകൂടി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം, കോട്ടയത്തിന്റെ നിയന്ത്രണത്തിൽ തന്നെയാണ് പ്രവർത്തിക്കുന്നത്.

| | |
|---|---|
| (സി) ഇതിന്റെ ഫലമായി ഏതെല്ലാം റെസ്റ്റ് ഹൗസുകളാണ് തിരികെ ലഭിച്ചിട്ടുള്ളത്; അറിയിക്കാമോ; | (സി) നിയമനടപടികളുടെ ഭാഗമായി മൂന്നാർ റെസ്റ്റ് ഹൗസ്, വൈക്കം റെസ്റ്റ് ഹൗസ് എന്നിവ പൊതുമരാമത്ത് വകുപ്പിന് തിരികെ ലഭിച്ചിട്ടുണ്ട്. |
| (ഡി) പൊതുമരാമത്ത് വകുപ്പ് റെസ്റ്റ് ഹൗസുകളെ മാതൃകാ റെസ്റ്റ് ഹൗസുകളാക്കി ഉയർത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ? | (ഡി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റെസ്റ്റ് ഹൗസുകളെ അതിഥി സൗഹൃദ കേന്ദ്രമാക്കി മാറ്റാനുള്ള യജ്ഞത്തിന്റെ ഭാഗമായി ആദ്യഘട്ടമായി തെരഞ്ഞെടുക്കപ്പെട്ട 14 വിശ്രമമന്ദിരങ്ങളെ മോഡൽ റെസ്റ്റ്ഹൗസുകൾ ആക്കാൻ തീരുമാനിക്കുകയും 12 എണ്ണത്തിനായി 5.52 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചുകഴിഞ്ഞാൽ ഇവയെ മോഡൽ റെസ്റ്റ്ഹൗസുകളാക്കി പ്രഖ്യാപിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ